**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1308** **30-08-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിലെ മാനവ വിഭവശേഷി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല കൂടുതൽ പ്രൊഫഷണലാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഹോസ്പിറ്റാലിറ്റി രംഗത്ത് പ്രൊഫഷനലുകളെ വാർത്തെടുക്കുന്നതിനായി സംസ്ഥാനത്ത് ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളായ, കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജമെന്റ് , കോവളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജമെന്റ് & കാറ്ററിംഗ് ടെക്നോളജി, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഹോസ്പിറ്റാലിറ്റി രംഗത്ത് വൈദഗ്ധ്യം നേടിയ മനുഷ്യവിഭവശേഷി രൂപപ്പെടുത്തുന്നതിന് മേൽ സ്ഥാപനങ്ങൾ മുതൽക്കൂട്ടാണ്.<br><br>സംസ്ഥാന വിനോദസഞ്ചാര മേഖല കൂടുതൽ പ്രൊഫഷണലാക്കുന്നതിനുവേണ്ടി കിറ്റ്സ് കേരള സർവ്വകലാശാലയുടെയും എ.ഐ.സി.റ്റി യുടെയും അംഗീകാരമുള്ള ദ്വിവൽസര എം.ബി.എ (ട്രാവൽ ആന്റ് ടൂറിസം) കോഴ്സ് നടത്തി വരുന്നു. ഇതിനുപുറമെ കേരള സർവ്വകലാശാലയുടെ അംഗീകാരമുള്ള ബി.ബി.എ (ടൂറിസം മാനേജമെന്റ്), ബി.കോം (ട്രാവൽ ആന്റ് ടൂറിസം) കോഴ്സുകളും കിറ്റ്സ് നടത്തി വരുന്നുണ്ട്. പ്രൊഫഷണൽ നിലവാരം മെച്ചപ്പെടുത്തുന്നതിന് വിദേശ ഭാഷാ പ്രാവീണ്യം, ഇന്റേൺഷിപ്പ്, അന്താരാഷ്ട്ര മേഖലകളിൽ സാന്നിദ്ധ്യം എന്നിവ വിദ്യാർത്ഥികൾക്ക് കോഴ്സിന്റെ ഭാഗമായി നേടിയെടുക്കാൻ കിറ്റ്സ് അവസരമൊരുക്കുന്നു. അന്താരാഷ്ട്ര ഏജൻസിയായ അയാട്ടയുടെ സർട്ടിഫിക്കറ്റും മിതമായ ഫീസ് നല്കി നേടിയെടുക്കാൻ കിറ്റ്സ് വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നുണ്ട്. വ്യക്തിത്വ വികസനം, മികച്ച ആശയവിനിമയ പ്രാവീണ്യം എന്നിവയിലും |

| | | | |
|---|---|---|---|
| | | | മേൽപ്പറഞ്ഞ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കിറ്റ്സ് പരിശീലനം നല്കുന്നുണ്ട്. മേൽപ്പറഞ്ഞ കോഴ്സുകൾക്ക് പുറമെ കിറ്റ്സ് വിവിധ തൊഴിലധിഷ്ഠിത ഡിപ്ലോമ കോഴ്സുകളും നടത്തുന്നു. എയർപോർട്ട് ഓപ്പറേഷൻസ്, ലോജിസ്റ്റിക് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിലാണ് ഈ കോഴ്സുകൾ കിറ്റ്സ് നടത്തുന്നത്. |
| (ബി) | വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിന് പര്യാപ്തമായ മാനവവിഭവശേഷി വികസനം സാധ്യമാക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ടോയെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജമെന്റ് , കോവളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജമെന്റ് & കാറ്ററിംഗ് ടെക്നോളജി, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് എന്നീ സ്ഥാപനങ്ങൾ ഹോസ്പിറ്റാലിറ്റി മേഖലയിൽ പ്രൊഫഷണൽ നിലവാരം ഉറപ്പുവരുന്ന മനുഷ്യവിഭവശേഷി ലഭ്യമാക്കുന്നതിൽ പ്രഥമസ്ഥാനം വഹിക്കുന്നു. എൻ.സി.എച്ച്. എം.സി.റ്റി. അഫിലിയേഷനോടു കൂടിയ 3 വർഷ ഡിഗ്രി കോഴ്സുകൾ, ഫുഡ് പ്രൊഡക്ഷൻ, ഫുഡ് & ബിവറേജസ് സർവ്വീസ് , ഹൗസ് കീപ്പിംഗ്, ബേക്കറി ആന്റ് കൺഫെഷണറി , ഫ്രണ്ട് ഓഫീസ് എന്നീ ഡിപ്ലോമ കോഴ്സുകൾ, ഒരു വർഷ ക്രാഫ്റ്റ് കോഴ്സുകൾ എന്നിവ മേൽ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു. ടി സ്ഥാപനങ്ങളിൽ പഠിച്ചിറങ്ങുന്ന ഉദ്യോഗാർത്ഥികൾക്ക് ഹോസ്പിറ്റാലിറ്റി രംഗത്ത് മികച്ച ജോലികൾ ലഭിക്കുന്നുണ്ട്. |
| (സി) | ട്രാവൽ ആന്റ് ടൂറിസം മേഖലകളിലെ വിവിധ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ പ്രസ്തുത മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ശേഷിയും നൈപുണ്യവുമുള്ള പ്രൊഫഷണലുകളെ വാർത്തെടുക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ടൂറിസം രംഗത്ത് പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനും നിലവാരം ഉയർത്തുന്നതിനുമായി കിറ്റ്സ്, കേരള സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും സഹായത്തോടെ വിവിധ സ്കിൽ ഡെവലപ്പ്മെന്റ് സ്കീമുകൾ കേരളത്തിലുടനീളം തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. തൊഴിൽ അന്വേഷകർക്ക് ടൂറിസം ആന്റ് ഹോസ്പ്പിറ്റാലിറ്റി മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ടൂറിസം പ്രൊഫഷണലുകൾക്ക് അവരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പരിശീലന പരിപാടികൾ കിറ്റ്സ് നടത്തി വരുന്നു.<br><br>വിനോദ സഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിന് പര്യാപ്തമായ മാനവവിഭവശേഷി വികസനം സാധ്യമാക്കുന്നതിനായി സംസ്ഥാനതല (State level), പ്രാദേശികതല (Local level) ഗൈഡുകൾക്ക് പരിശീലനം നൽകി വിനോദസഞ്ചാര വകുപ്പ് മുഖേന കിറ്റ്സ് |

| | | | |
|---|---|---|---|
| | | | ലൈസൻസ് നല്കാറുണ്ട്. ഇതു കൂടാതെ ഓരോ 3 വർഷത്തിലും സംസ്ഥാനതല /പ്രാദേശികതല ഗൈഡുകൾക്ക് റീഫ്രഷർ കോഴ്സ് നൽകി ലൈസൻസ് പുതുക്കി നൽകി വരുന്നുണ്ട്. ഇതു കൂടാതെ മുസിരീസ് പൈതൃക ടൂറിസം പദ്ധതിയിലെ ഗൈഡുകളുടെ പ്രൊഫഷണൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഓരോ മൂന്ന് വർഷത്തിലൊരിക്കൽ റീഫ്രഷർ കോഴ്സ് നടത്തി വിനോദസഞ്ചാര വകുപ്പ് മുഖേന ലൈസൻസ് നൽകി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖല കൂടുതൽ പ്രൊഫഷണൽ ആക്കുന്നതിനായി ഹോം സ്റ്റേ ഉടമകൾ, സാഹസിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർ എന്നിവർക്ക് പരിശീലനം കിറ്റ്സ് നടത്തി വരുന്നുണ്ട്. |
| (ഡി) | പൊതുമേഖലാ വിനോദസഞ്ചാര പഠന കേന്ദ്രങ്ങളായ കിറ്റ്സ്, എസ്.ഐ.എച്ച്.എം., ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കോഴിക്കോട് ഗവ. ഗസ്റ്റ്ഹൗസ് കോമ്പൗണ്ടിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ടി നിർമ്മാണ പ്രവൃത്തി ഏകദേശം 80% പൂർത്തികരിച്ചിരിക്കുകയാണ്. സർക്കാർ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് 2022-23 സാമ്പത്തിക വർഷത്തിൽ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ഫണ്ട് ടി കെട്ടിടനിർമ്മാണത്തിന് വിനിയോഗിക്കുന്നതാണ്. കോഴിക്കോട് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആകെ എസ്റ്റിമേറ്റ് തുക 9.75 കോടി രൂപയാണ്.<br><br>കോഴിക്കോട് എസ്. ഐ. എച്ച്. എം. ന് ടൂറിസം വകുപ്പ് 7.65 കോടി രൂപ അനുവദിച്ച് ആൺകുട്ടികളുടെ ഹോസ്റ്റൽ പ്രവൃത്തി പൂർത്തിയായി. 2021 ഡിസംബർ 5ന് ഉദ്ഘാടനം ചെയ്തതോടെ 90 വിദ്യാർത്ഥികൾക്ക് ക്യാമ്പസിൽ താമസിച്ച് പഠനം നടത്താൻ സൗകര്യമുണ്ട്. ലബോറട്ടറികളുടെ വികസനത്തിനായി വിവിധ പദ്ധതികളിലായി 2 കോടിയോളം രൂപയുടെ പദ്ധതികൾ പൂർത്തിയായി വരുന്നു. അന്തർ ദേശീയ നിലവാരമുള്ള പഠന സൗകര്യം ഉറപ്പുവരുത്തുന്നതിനായി 34 ലക്ഷം രൂപ ചെലവിൽ സി. സി.റ്റി. വി സ്മാർട്ട് ക്ലാസ്റൂം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഹോസ്പിറ്റാലിറ്റി മേഖലയിലെ സ്കിൽ തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാർ സഹായത്തോടെ സൗജന്യ ഹ്രസ്വകാല സ്കിൽ പരിശീലനങ്ങൾ ( Capacity building for service providers) നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ